

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**27-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. പാലോട്ടു പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ ക്ലാസിക്കൽ സ്വൈൻ ഫീവർ എന്ന രോഗത്തിനെ പ്രതിരോധിക്കുന്നതിനുള്ള വാക്സിൻ ലഭ്യമാണെന്ന് സ്ഥാപനം മേധാവി അറിയിക്കുന്നു. പന്നികളെ വളർത്തുന്ന കർഷകർക്ക് ആവശ്യമുള്ള പക്ഷം പതിനഞ്ച് ഡോസ് വാക്സിന് 788 രൂപ എന്ന നിരക്കിൽ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയോ അടുത്തുള്ള മൃഗാശുപത്രി വെറ്ററിനറി സർജൻ മുഖാന്തിരം വാക്സിൻ സൌജന്യമായി ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9447269909, 0472-2840262

2. റബ്ബർതോട്ടങ്ങളുടെയും റബ്ബർകർഷകരുടെയും വിശദമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി വികസിപ്പിച്ചെടുത്ത 'റുബാക്' (RUBAC- Rubber Area Census) എന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തന സജ്ജമായതായി റബ്ബർ ബോർഡ് ഡപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

3. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൂണിംഗ്, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഷിയറിംഗ് എന്നിവയ്ക്കായുള്ള ഉപകരണങ്ങൾക്കും, വീഡ് കട്ടർ, ബ്രഷ് കട്ടർ മുതലയാവയ്ക്ക് ധനസഹായം നൽകുന്നതിന് എസ്.സി/എസ്.റ്റി ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ എന്നിവർക്ക് വീഡ്കട്ടർ, ബ്രഷ്കട്ടർ വാങ്ങുന്നതിന് സബ്സിഡി 50% നിജപ്പെടുത്തി 1,25000/- രൂപ വരെ MIDH -2021-22 പദ്ധതി പ്രകാരം സബ്സിഡി നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

4. ഹോർട്ടികോർപ്പ് ആരംഭിക്കുന്ന തേനീച്ച വളർത്തലിനെ കുറിച്ചുള്ള ഓൺലൈൻ പരിശീലന പരിപാടിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഈ മാസം 31 ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് നിർവ്വഹിക്കും. എട്ട് സെഷനുകളും രണ്ട് ദിവസത്തെ പ്രായോഗിക പരിശീലനവും ഉൾക്കൊള്ളുന്ന പ്രസ്തുത പരിശീലനത്തെ കുറിച്ചറിയാൻ 9400985260, 0479-2386695 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

27-07-2021

5. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി ഈ മാസം 28-ന് **ചീര കൃഷിയും പരിപാലന മുറകളും** എന്ന വിഷയത്തിലും 30-ന് **വെള്ളരി വർഗ വിളകൾ** എന്ന വിഷയത്തിലും ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 0484-2703094 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരസംഘത്തിലെ ഭരണസമിതി അംഗങ്ങൾക്കായി ഇന്ന് രാവിലെ 11 മണിക്ക് **അറ്റലാഭ വിഭജനം, കണക്കുകൾ പരിശോധിക്കുന്ന വിധം, ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. വിശദ വിവരങ്ങൾക്ക് **9446228368** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. http://meet.google.com/uan-dhid-amw എന്ന ലിങ്ക് വഴി പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

7. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (27-7-2021) പോത്തുകുട്ടി പരിപാലനം എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 9188522711 എന്ന മൊബൈൽ നമ്പരിൽ വാട്സ് ആപ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ഓച്ചിറ ക്ഷീരോത്പ്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പാലിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഇന്ന്(27-07-2021) പതിനൊന്നു മണി മുതൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാവാനായി 9947775978 എന്ന വാട്സ് ആപ്പ് നമ്പരിലൂടെയോ 0476-2698550 ഫോൺ നമ്പരിലൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (27-7-2021) പശുവളർത്തൽ, എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522706** എന്ന വാട്സ്ആപ്പ് നമ്പരിലോ **04829 234323** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (27 ന്) രാവിലെ 10 മണി മുതൽ **കാട വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 - 2732918 എന്ന ഫോൺ നമ്പരിലോ 9495594375 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**27-07-2021**

11. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (28 ന്) ശാസ്ത്രീയ **കോഴിവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് meet.google.com/kyy-watc-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

12. **കാർഷിക സർവ്വകലാശാല നൽകുന്ന വിളപരിപാലന നിർദ്ദേശങ്ങൾ – തൃശ്ശൂർ ജില്ല**

താഴ്ന്ന പ്രദേശങ്ങളിലെ വാഴ തോട്ടങ്ങളിൽ നീർവ്വാർച്ചാ സൌകര്യം ഉറപ്പുവരുത്തുക. പാകമായ കായകളിൽ കറുപ്പു കലർന്ന തവിട്ടു നിറത്തിലുള്ള വൃത്താകൃതിയിലുള്ള കുഴിഞ്ഞ പുള്ളികൾ കാണുന്നത് കുഴിപ്പുള്ളി രോഗത്തിന്റെ ലക്ഷണമാണ്. ഇതിനെ നിയന്ത്രിക്കാൻ തോട്ടത്തിലെ ഉണങ്ങിയതും രോഗം ബാധിച്ചതുമായ ഇലകൾ മുറിച്ചു മാറ്റേണ്ടതും കുല പൊതിയുകയും ചെയ്യേണ്ടതാണ്. തുടർച്ചയായി രോഗം കാണുന്ന സ്ഥലങ്ങളിൽ മഴക്കാലത്ത് കുല മൂപ്പെത്തുന്ന പക്ഷം കുല വിരിഞ്ഞ് ഒരു മാസത്തിനുള്ളിൽ അര മില്ലി അസോക്സിസ്ട്രോബിൻ അല്ലെങ്കിൽ അര ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ പ്ലസ് ടെബുകൊണാസോൾ (നാറ്റീവോ) ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുലകളിൽ തളിക്കുക.

13. **വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ**

നനവുള്ള പ്രതലത്തിൽ വളർത്തുന്ന ആട്ടിൻ കുട്ടികളിൽ കോക്സിഡിയ രോഗബാധ കൂടുതലായി കണ്ടു വരുന്നു. കോക്സിഡിയ രോഗം ബാധിക്കുന്ന പക്ഷം ആട്ടിൻ കുട്ടികളുടെ വളർച്ചാ നിരക്ക് കുറയുകയോ മരണം സംഭവിക്കുകയോ ചെയ്യാം. ആയതിനാൽ കൂട്ടിനുള്ളിൽ വെള്ളം കയറാതെയും ഈർപ്പം കൂടാതെയും സൂക്ഷിക്കുക.